പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1664 — 08-06-2018-ലെ മറുപടിയ്ക്ക്

# വിള ഇൻഷുറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ നടപ്പിലാക്കിയ വിള ഇൻഷുറൻസ് പദ്ധതിയിൽ എത്ര കർഷകർ ഉൾപ്പെട്ടിട്ടുണ്ട്;വ്യക്തമാക്കുമോ ; | (എ) വിള ഇൻഷുറൻസ് പദ്ധതിയിൽ 176644 കർഷകർ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) കാർഷിക ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിന് കർഷകരെ സഹായിക്കുന്നതിനാവശ്യമായ പുതിയ പദ്ധതികൾ നടപ്പിലാക്കുമോ;വിശദാംശം വെളിപ്പെടുത്തുമോ ? | (ബി) കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിവിധ കാർഷിക വിളകളായ തെങ്ങ്, നെല്ല്, വാഴ, തേൻ, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ, തേയില മുതലായവയ്ക്ക് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് ജില്ലയിൽ കുത്താളി ഫാമിലും, വേങ്ങേരി കാർഷികമൊത്ത വ്യാപാര വിപണന കേന്ദ്രത്തിലും, ബനാന ഹണി അഗ്രോപാർക്ക് തൃശ്ശൂർ ജില്ലയിൽ കണ്ണാറ ഫാമിലും, വെജിറ്റബിൾ അഗ്രോപാർക്ക് ഇടുക്കി ജില്ലയിലെ പഴത്തോട്ടത്തുമാണ് കേരളാ അഗ്രോ ഇൻസ്ടീസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നത്. കൂടാതെ എസ്.എഫ്.എ.സി മുഖാന്തിരം കാർഷികോൽപ്പന്നങ്ങളുടെ |

മൂല്യവർദ്ധനവ് എന്ന ലക്ഷ്യം നേടുന്നതിന് സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷികോൽപ്പന്നങ്ങളുടേയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് 5 ലക്ഷം മുതൽ 50 ലക്ഷം വരെ (പരമാവധി 50%) യൂണിറ്റുകൾക്ക് കെട്ടിടത്തിനും യന്ത്ര സാമഗ്രികൾക്കും വേണ്ടി ചെലവാകുന്ന തുക ധനസഹായമായി നൽകുന്നു.

**സെക്ഷൻ ഓഫീസർ**